# കുവൈറ്റ് മലങ്കര റീത്ത് മൂവ്മെന്റ്
## (എം.സി.എ കുവൈറ്റ്)

'പ്രാർത്ഥനാ വർഷത്തിൽ - കെ.എം.ആർ.എം സുവിശേഷചൈതന്യവുമായ്'

Cir.No:KMRM/CL/01/08-09

പ്രിയ കെ.എം.ആർ.എം. അംഗങ്ങളെ,

സത്യവിശ്വാസത്തിന്റെ വഴിത്താരയെ വാരിപ്പുണർന്നുകൊണ്ട്, ഭാരതസഭയിൽ ഐക്യത്തിൻ വാതായനം തുറന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തുടക്കം കുറിച്ച മലങ്കര കത്തോലിക്കാസഭ വളർച്ചയുടെ 78 വർഷങ്ങൾ പിന്നിടുന്നു. അനുദിനം വളരുന്ന സഭയിലെ അംഗങ്ങൾ ഒട്ടുമിക്ക രാജ്യങ്ങളിലും ഇന്ന് ചെറിയ സമൂഹങ്ങളായി സഭാപ്രവർത്തനം തുടർന്നുവരുന്നു. കുവൈറ്റിലെ മലങ്കര മക്കൾ രൂപം കൊടുത്ത കെ.എം.ആർ.എം 15-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. സഭാപിതാക്കന്മാരുടേയും, ബഹു. വൈദികരുടേയും പരിലാളനയാൽ വളർന്ന കെ.എം.ആർ.എം സഭയുടെയും സമൂഹത്തിന്റെയും പ്രശംസ നേടിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കഴിഞ്ഞകാല പ്രവർത്തനങ്ങളിലടിയുറച്ചുകൊണ്ടും, കർമ്മപന്ഥാവിൽ കൂടുതൽ കർമ്മോൽസുകരായിക്കൊണ്ടും നമുക്കു മുന്നേറാം. യൗവ്വനത്തിലേക്ക് പ്രവേശിക്കുന്ന ഈ വർഷം ആത്മീയമായി കൂടുതൽ കരുത്താർജ്ജിക്കണം. ഈ ലക്ഷ്യസാക്ഷാൽക്കാരത്തിനായി 15-ാം വർഷം പ്രാർത്ഥനാവർഷമായി പ്രഖ്യാപിച്ചുകൊണ്ട് നാം സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം 'കെ.എം.ആർ.എം സുവിശേഷചൈതന്യവുമായ്' എന്നതാണ്. സഭയെ ധീരോദത്തം നയിച്ച കാലം ചെയ്ത പിതാക്കന്മാരുടെ പാവന സ്മരണയെ പ്രണമിച്ചുകൊണ്ട് 15-ാം വർഷത്തിലെ (2008-09) മാനേജിംഗ് കമ്മറ്റിയുടെ പ്രഥമസർക്കുലർ സമർപ്പിക്കട്ടെ.

2008 ഒക്ടോബർ മാസം 23-ാം തീയതി കത്തീഡ്രൽ സെന്റ് ജോസഫ് ഹാളിൽ പ്രസിഡന്റ് ശ്രീ. കെ.ഒ.ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിന്റെ സമാപനത്തിൽ ശ്രീ. അലക്സാണ്ടർ തങ്ങളത്തിൽ, ശ്രീ. സി.എ ജോയി, ശ്രീ. ജോർജ് മാത്യു എന്നിവരുടെ നേതൃത്വത്തിൽ 15-ാം വർഷത്തിലെ ഭരണസമിതി അംഗങ്ങളായി താഴെ പറയുന്നവരെ ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

| | | | |
|---|---|---|---|
| അബ്ബാസിയ. സെക്ടർ-1 | Jimmy Abraham<br>Sheela Varghese | Thomas Varghese<br>Molly Francis | |
| അബ്ബാസിയ. സെക്ടർ-2 | George Thomas | Ninan T.C. | Shaji George |
| അബ്ബാസിയ. സെക്ടർ-3 | Binoy A.O | Sunny Thomas | |
| അബ്ബാസിയ. സെക്ടർ-4 | Abraham Varghese | Samon A.O. | Mathew Sunil |
| സാൽമിയ, ഹവല്ലി, സിറ്റി | Kuriakose Joseph<br>Varghese P. Abraham | Babu Ninan | |
| ഫാഹഹീൽ, മംഗഫ്, അബു ഹലീഫ | Rajan Thottathil<br>Madhu Philip | Shaju Varghese<br>Koshy Thomas | |
| റിഗ്ഗേ, ഫർവാനിയ, ഖയിത്താൻ | Alexander Thangalathil | Issac Kadakampallil | |

ഭരണസമിതി അംഗങ്ങളിൽ നിന്നും പ്രസിഡന്റ് ജോർജ് തോമസ്, സെക്രട്ടറി എബ്രഹാം വർഗ്ഗീസ്, ട്രഷറർ കുറിയാക്കോസ് ജോസഫ് എന്നിവരെ പൊതുയോഗവും, ഭരണസമിതി അംഗങ്ങൾ യോഗം കൂടി വൈസ് പ്രസിഡന്റ് രാജൻ തോട്ടത്തിൽ, ജോയിന്റ് സെക്രട്ടറി ഷാജി ജോർജ്, ജോയിന്റ്

ട്രഷറർ ഐസക് ദാനിയേൽ എന്നിവരേയും തിരഞ്ഞെടുത്തു. തുടർന്ന് അഡ്വൈസറി ബോർഡ് അംഗങ്ങളായി വി.ഐ. ചെറിയാൻ, കുരുവിള തോമസ്, ജേക്കബ് തോമസ്, ഒ.എം.മാത്യു, ജോർജ് മാത്യു എന്നിവരേയും, അഡ്വൈസറി ബോർഡ് ചെയർമാനായി വി.ഐ. ചെറിയാനേയും ഓഡിറ്ററായി തോമസ് പി. വർഗ്ഗീസിനേയും തെരഞ്ഞെടുത്തു. ഐക്യത്തിന്റെയും സ്നേഹത്തിന്റെയും മാതൃക പ്രകടമാക്കി ഐക്യകണ്ഠേന നടന്ന തെരഞ്ഞെടുപ്പിൽ നമുക്കഭിമാനിക്കാം.

തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളും അഡ്വൈസറി ബോർഡ് അംഗങ്ങളും ഒക്ടോബർ 30-വ്യാഴം വി. കുർബാനയ്ക്കു ശേഷം റവ. ഫാ. തോമസ് വടക്കേടം മുമ്പാകെ സത്യപ്രതിജ്ഞ നടത്തി ചുമതലകൾ ഏറ്റെടുത്തു. 15-ാം വർഷ കർമ്മപരിപാടികളുടെ വ്യക്തവും വിശദവുമായ കർമ്മരേഖ (വഴിത്താര 2008-09) ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. 15-ാം വർഷത്തിൽ ആത്മീയമായി വ്യക്തികളും കുടുംബങ്ങളും കൂടുതൽ കരുത്താർജ്ജിക്കണം എന്ന ലക്ഷ്യത്തിൽ, സുവിശേഷാധിഷ്ഠിത ജീവിതത്തിലേക്ക് പ്രചോദനമരുളുന്ന പരിപാടികളാണ് നമ്മുടെ ലക്ഷ്യം. നമ്മുടെ കുഞ്ഞുങ്ങൾക്കായി ബാലദീപവും ക്രിസ്റ്റീൻ കൂട്ടായ്മയും, അൾത്താര ശുശ്രൂഷകർക്കായി അൾത്താര സംഘവും, നാം ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു. കർമ്മപരിപാടികളിൽ പോഷ കസംഘടനകൾക്കു പ്രത്യേകമായും കർമ്മപദ്ധതികൾ ഉണ്ടായിരിക്കും.

### 2008-09 കർമ്മപരിപാടികൾ ഒറ്റനോട്ടത്തിൽ

1. സമർപ്പണ ശുശ്രൂഷ
2. ആബാ-പിതാവേ
3. കർമ്മപരിപാടികളുടെ ഉദ്ഘാടനം
4. മീറ്റ് ദ മെംബേഴ്സ്
5. കരോൾ
6. യൽദാ കൺവൻഷൻ
7. താങ്ക്സ് & വെൽക്കം
8. ദമ്പതി സെമിനാർ
9. കുടുംബസംഗമം
10. അംഗത്വമാസാചരണം
11. തീ നാളം
12. അർദ്ധ വാർഷിക പൊതുയോഗം
13. കാതോലിക്കാദിനാചരണം
14. കെറീത്ത്നിവാസ്
15. വിളവോത്സവ്-2009
16. ഉല്ലാസപ്പൂത്തിരി
17. സ്പിരിച്ച്വൽ ഫിറ്റ്നസ്
18. അറിയാൻ അൽപ്പം
19. മാതൃസെമിനാർ
20. ബേത്‌ലഹേം ടു കാൽവരി
21. പിതൃസെമിനാർ
22. മാതൃസന്നിധി
23. ഗൾഫ് മലങ്കര സംഗമം
24. എവുക്കാറെസ്തിയ
25. വാർഷിക പൊതുയോഗം

#### യുവജ്യോതി

1. പവർ കോൺഫറൻസ്
2. കെ.എം.ആർ.എം കലണ്ടർ-2009
3. യൂത്ത് കൊയ്നോനിയാ
4. കാനേഷുമാരി-2009
5. ക്യാമ്പ് സന്ദർശനങ്ങൾ
6. യൂത്ത് ഡേ

#### ഫ്രണ്ട്സ് ഓഫ് മേരി

1. പവർ കോൺഫറൻസ്
2. വനിതാ കൺവൻഷൻ
3. ഈ സി റൂട്ട്

#### അൾത്താര സംഘം

1. അറിവിൻ ജാലകം
2. ബലിവേദിയിൽ
3. തിരുസന്നിധി

#### ബാലദീപം

1. ക്രിസ്റ്റീൻ കൂട്ടായ്മ
2. ആദ്യാനുഭവം
3. കളിച്ചും ചിരിച്ചും
4. ജെറുസലേം സംഗമം
5. ഉൽസവലഹരി

ഡിസംബർ ആദ്യം പുറത്തിറങ്ങുന്ന വഴിത്താര 2008-09-ൽ കർമ്മപരിപാടികൾ വിശദീകരിക്കുന്നതാണ്. നമ്മുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് മാതൃകയാവട്ടെ. ലക്ഷ്യപ്രാപ്തിക്കായി നിരന്തരം പ്രാർത്ഥിക്കാം. സ്നേഹവും ഐക്യവും കൂടുതൽ ശക്തമാക്കി കർമ്മനിരതരാകാം.

ക്രിസ്തുവിൽ സ്നേഹാഭിവാദനങ്ങളോടെ,

ഭരണസമിതിക്കു വേണ്ടി,

പ്രസിഡൻറ്
ജോർജ് തോമസ്

സെക്രട്ടറി
എബ്രഹാം വർഗ്ഗീസ്

05-11-2008